(എ) പബ്ലിക്ക് ഹെൽത്ത് പഞ്ചായത്ത് ഡയറക്ടറാപ്പീസ്സിൽ ബി. എ. ബിരുദധാരികളായി ആരൊക്കെയുണ്ട്;

(ബി) അവരിൽ ഒരു നമ്പ്യാരില്ലെ; ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേർ എന്ത്;

(സി) മിസ്റ്റർ എസ്സ്. കൃഷ്ണയ്യരെ ഫീഷിയേറിംഗ് പഞ്ചായത്ത് ഇൻസ്പെക്ടരായി നിയമിക്കുന്നതിന്നു മുമ്പ് മിസ്റ്റർ നമ്പ്യാരേക്കാൾ മിസ്റ്റർ കൃഷ്ണയ്യർ ജൂനിയർ ആയിരുന്നില്ലെ;

(ഡി) ഇപ്പോൾ ഇവരിൽ മിസ്റ്റർ കൃഷ്ണയ്യരല്ലെ സീനിയർ;

(ഇ) ഇതിനെ സംബന്ധിച്ചു മിസ്റ്റർ നമ്പ്യാർ ആക്ഷേപിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു ഗവർമ്മെൻറു വല്ല നടപടിയും നടത്തീട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത്?

ഡാക്ടർ എ. ആർ. പുളവാൾ (*Director of Public Health and Panchayats*).—

(എ) മിസ്റ്റർ ഇ. രാമമേനോൻ.

ബ. മിസ്സ് വി. ലക്ഷ്മിഅമ്മ.

ന. മിസ്റ്റർ എസ്സ്. കൃഷ്ണയ്യർ.

ദ. ,, എം. എസ്സ്. വെങ്കിട്ടരാമയ്യർ.

ഭ. ,, കെ. കൃഷ്ണമേനോൻ.

യ. ,, കെ. കൊച്ചുകുട്ടൻനായർ.

(ബി) ഇല്ല. സെൻട്രൽ ഡിവിഷ്യൻ പഞ്ചായത്ത് ഓവർസിയർ ആപ്പീസിൽ ക്ലാർക്കായി മിസ്റ്റർ കെ. പി. രാമൻനമ്പ്യാർ എന്നൊരാൾ ഉണ്ട്.

(സി) അതെ.

(ഡി) അല്ല.

(ഇ) ഉവ്വ്.

(എഫ്) ഉവ്വ്. ഇനി ഒഴിവു വരുന്ന അവസരത്തിൽ മിസ്റ്റർ നമ്പ്യാരുടെ അവകാശത്തെപ്പറ്റി ആലോചിക്കുന്നതാണെന്ന ഉത്തരവായിട്ടുണ്ട്.

T. A. drawn by S. Krishna Ayyar as camp clerk.

ഠ.ഠവ. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെൻറു സദയം മറുപടി പറയുമോ:—

LIBRARY ARCHIVES Kerala Legislative Assembly

(എ) ഡോക്ടർ ഇ. എസ്സ്. ആർ. മേനോൻ പബ്ളിക് ഹെൽത്ത് പഞ്ചായത്ത് ഡയറക്ടരായതിന്റെ ശേഷം മിസ്റ്റർ എസ്സ്. കൃഷ്ണയ്യർ അദ്ദേഹത്തിന്റെ ക്യാമ്പുക്കാർക്കായിരുന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ എന്നുവരെ.

(സി) ആ കാലങ്ങളിൽ അദ്ദേഹം പ്രതിമാസം എത്ര ഉരുപ്പിക വീതം ടി. എ. വാങ്ങിച്ചിട്ടുണ്ട്;

(ഡി) ഡാക്ടർ പുത്തുവാൾ ഈ വകുപ്പദ്ധ്യക്ഷനായതിന്റെ ശേഷവും അദ്ദേഹം ക്യാമ്പുക്കാർക്കിന്റെ ജോലി നിർവ്വഹിക്കുന്നില്ലെ;

(ഇ) ഉണ്ടെങ്കിൽ ഡാക്ടർ പുത്തുവാൾ വകുപ്പദ്ധ്യക്ഷനായതിന്റെ ശേഷം മിസ്റ്റർ കൃഷ്ണയ്യർ പ്രതിമാസം എത്ര ഉരുപ്പികവീതം ടി. എ. വാങ്ങിച്ചിട്ടുണ്ട്?

ഡാക്ടർ എ. ആർ. പുത്തുവാൾ *(Director of Public Health and Panchayats).*—

(എ) "ക്യാമ്പ് ക്ലാക്ക്" എന്ന നാമധേയത്തിൽ ഒരു തസ്തിക പബ്ളിക് ഹെൽത്ത് ആൻറ് പഞ്ചായത്ത് ഡയറക്ടരാപ്പീസ്സിൽ ഇല്ല. ക്ലാക്കിന്റെ സഹായം വേണ്ടിവരുന്ന അവസരങ്ങളിൽ ഏതെങ്കിലും ഒരു ക്ലാക്കിനെ കൊണ്ടു അതുത് നിവർത്തിക്കാറുണ്ട്. അക്രൂട്ടത്തിൽ ഡാക്ടർ ഇ. എസ്സ്. ആർ. മേനോൻ ഡയറക്ടർ ആയതിന്റെ ശേഷം പല പ്പോഴും കൃഷ്ണയ്യർ അപ്രകാരം ജോലി നോക്കീട്ടുണ്ട്.

(ബി) പ്രത്യേകം മറുപടിക്കാവശ്യമില്ല.

(സി) അനുബന്ധം നോക്കുക. *(Appendix I.)*

(ഡി) ഒരു പ്രത്യേക തസ്തിക ഇല്ലാത്ത സ്ഥിതിക്കു അങ്ങനെ ഒരാളെ അവരോധം ചെയ്തിട്ടില്ല. ക്ലാർക്കിനെക്കൊണ്ടാവശ്യമുള്ള സന്ദർഭങ്ങളിൽ ടിയാന്റെ സർവ്വീസ് വിനിയോഗിക്കാറുണ്ട്.

(ഇ) അങ്ങിനെ വിനിയോഗിച്ചിട്ടുള്ളതിന്റെ ഫ്രഫ്രമ വൃശ്ചിക മാസത്തിൽ ക. ന്യ-ൈ-ഠ-യും ധനുമാസത്തിൽ ക. ഠ-വ്യ-ഠ-യും ബത്ത വാങ്ങിച്ചിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— ഈ എലക്ഷൻ നടത്തുന്ന സ്ഥലത്തു് പ്രിസൈഡിംഗ് ആഫീസർ ആവശ്യപ്പെട്ടിട്ടാണൊ ഇദ്ദേഹത്തെ സഹായിക്കുവാൻ അയച്ചതു്?

ഡാക്ടർ എ. ആർ. പുത്തുവാൾ *(Director of Public Health and Panchayats).*— അല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— എലക്ഷൻ നടക്കുന്ന എല്ലാ സ്ഥലങ്ങളിലേക്കും പ്രിസൈഡിംഗ് ആഫീസർമാരെ സഹായിക്കുവാൻ അതാളുകളെ അയക്കാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ആർ. പുതുവാൽ (*Director of Public Health and Panchayats*).— ആളകലം പോകാനുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— അതു എവിടെയൊക്കെയാണെന്ന മയവായി പറയാമോ?

ഡാക്ടർ എ. ആർ. പുതുവാൽ (*Director of Public Health and Panchayats*).— നോട്ടീസ്സ് വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഉച്ചതിരിഞ്ഞു, എപ്പോഴാണ് മടങ്ങിയെത്തിയതു?

ഡാക്ടർ എ. ആർ. പുതുവാൽ (*Director of Public Health and Panchayats*).— ഉച്ചതിരിഞ്ഞു മുന്നുമണി ആയിട്ടുണ്ടാകും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഓഫീസ്സിൽ എപ്പോഴാണ് അദ്ദേഹം മടങ്ങിയെത്തിയതു?

ഡാക്ടർ എ. ആർ. പുതുവാൽ (*Director of Public Health and Panchayats*).— മലയാറ്റൂർനിന്നു പുറപ്പെട്ടപ്പോൾ മുന്നുമണിയായിട്ടുണ്ടു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ തിരഞ്ഞെടുപ്പിനു പോയ അവസരത്തിലല്ലെ കൈക്കുലി വാങ്ങിച്ചു എന്ന ആക്ഷേപം കിട്ടിയതു?

ഡാക്ടർ എ. ആർ. പുതുവാൽ (*Director of Public Health and Panchayats*).— അതെ.

മിസ്റ്റർ കെ. എസ്സ് പണിക്കർ (*Ezhuvas North*).— അദ്ദേഹം അന്നു പ്രിസൈഡിംഗ് ആഫീസറെ സഹായിക്കുവാൻ പോയിട്ടു വല്ല സഹായവും ചെയ്തുകൊടുത്തതായി അറിയാമോ?

ഡാക്ടർ എ. ആർ. പുതുവാൽ (*Director of Public Health and Panchayats*).— സഹായത്തിനു മാത്രമല്ല, നിർദ്ദേശംകൊടുക്കുവാനും എന്നും പറഞ്ഞിട്ടുണ്ടു. നിർദ്ദേശം കൊടുത്തതിനുശേഷം വല്ല സഹായവും വേണ്ടിവന്നുവോ എന്നുപറഞ്ഞിട്ടില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ (*Nellayi*).— സഹായം ചെയ്തിട്ടില്ലെങ്കിലും വല്ല ഉപദ്രവവും ചെയ്തിട്ടുണ്ടോ?

ഡാക്ടർ എ. ആർ. പുതുവാൽ (*Director of Public Health and Panchayats*).— ഉപദ്രവം ചെയ്തായിട്ടു വർത്തമാനമൊന്നും കേട്ടില്ല.

Mr. K. S. Manickam (*Irinjalakkuda*).—Was there not a petition to set aside the Malayattur Panchayat Election?

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Poduval *(Director of Public Health and Panchayats).*—Yes.

Mr. K. S. Manickam *(Irinjalakkuda).*—Was there any allegation of this?

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats).*— ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— പ്രിസൈഡിംഗ് ആഫീസർ ആരായിരുന്നു?

ഡാക്ടർഎ. ആർ. പുതുവാൾ *(Director of Public Health and Panchayats).*— മിസ്റ്റർ അക്കരപ്പറമ്പി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— അദ്ദേഹത്തിനു ഇതാദ്യമായിട്ടുള്ള തിരഞ്ഞെടുപ്പാണോ അല്ലെങ്കിൽ കിഴക്കേടതിരഞ്ഞെടുപ്പു നടത്തി അദ്ദേഹത്തിനു പരിചയമുണ്ടോ?

ഡാക്ടർ എ. ആർ പുതുവാൾ *(Director of Public Health and Panchayats).*— പരിചയമുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— അദ്ദേഹം എത്രകാലമായി പഞ്ചായത്തു ഇൻസ്പെക്ടറായിരുന്നിട്ട്?

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats).*— അതിപ്പോൾ പറയുവാൻ സാധ്യമല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— അക്കരപ്പറമ്പിയേക്കാൾ മിസ്റ്റർ കൃഷ്ണയ്യക്കു കൂടുതൽ പരിചയമുണ്ടായിരുന്നുവെന്നു ഗവൺമെൻറു സമ്മതിക്കുന്നുണ്ടോ?

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats).*— സമ്മതിക്കുന്നില്ല.

മിസ്റ്റർ വി. കെ. കുട്ടി *(Muslims).*— എന്തുകൊണ്ടാണു സമ്മതിക്കാത്തതു?

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats).*— പരിചയം ഇല്ലാത്തതുകൊണ്ടു.

മിസ്റ്റർ കെ. എസ്. പണിക്കർ *(Ezhuvas North).*— ഏലക്ഷനിൽ അക്കരപ്പറമ്പിക്കുള്ളതുപോലെയുള്ള പരിചയം കൃഷ്ണയ്യർക്കുണ്ടോ എന്നാണു ചോദിക്കുന്നതു.

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats).*— കൃഷ്ണയ്യരേക്കാൾ കൂടുതൽ എക്സ്പീരിയൻസുണ്ടെന്നാണു ഡയറക്ടർ ധരിക്കുവാൻ വഴി.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— പോളിംഗ് സ്റ്റേഷനിൽ ചെന്ന് മിസ്റ്റർ കൃഷ്ണയ്യർ പോളിംഗ് ആഫീസർക്കു ഉപദേശം കൊടുത്തതായി ഗവമ്മെൻറിനറിയാമൊ?

ഡാക്ടർ എ. ആർ. പുതുവാൾ (*Director of Public Health and Panchayats*).— നിർദ്ദേശം നിറവേറി എന്നു ഗവമ്മെൻറിനു ബോദ്ധ്യമുണ്ട്. സഹായം വേണ്ടിവന്നിട്ടില്ല എന്നു പറയുകയുണ്ടായിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ട്രോഫിച്ചതായിട്ട ഗവമ്മെൻറിനു റിപ്പോർട്ടിൽനിന്നു മനസിലാക്കാൻ സാധിച്ചിട്ടുണ്ടോ?

ഡാക്ടർ എ. ആർ. പുതുവാൾ (*Director of Public Health and Panchayats*).— ഏതുറിപ്പോർട്ടിൽനിന്നു?

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഇലക്ഷനിൽ പോയി മടങ്ങിവന്നതിനുശേഷം ഒരു റിപ്പോർട്ട കൊടുത്തു എന്നു പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ടിൽ പ്രിസൈഡിംഗ് ആഫീസരെ ദ്വേഷ്യപ്പെടുത്തിയതായി വല്ല ഭാഗവും ചേർത്തിട്ടുണ്ടോ?

ഡാക്ടർ എ. ആർ. പുതുവാൾ (*Director of Public Health and Panchayats*).— ഇപ്പോൾ പറയാൻ സാധിക്കയില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ (*Adur*).— ഡയറക്ടർ അയച്ച നിർദ്ദേശം രേഖാമൂലമോ വാക്കു മൂലമോ?

ഡാക്ടർ എ. ആർ. പുതുവാൾ (*Director of Public Health and Panchayats*).— വാക്കായിട്ടാണു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ (*Adur*).— സാധാരണ ഇങ്ങനെ തിരഞ്ഞെടുപ്പു നടത്തുന്ന അവസരത്തിൽ ഡയറക്ടർ ഒരു വിപ്രസന്ദേശം അയക്കാറുണ്ടോ?

ഡാക്ടർ എ. ആർ പുതുവാൾ (*Director of Public Health and Panchayats*).— സാധാരണയില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ (*Adur*).— ഈ തിരഞ്ഞെടുപ്പിൽ ഇങ്ങിനെയൊരു സന്ദേശം അയക്കുന്നതിനു അസാധാരണമായി എന്താണുണ്ടായതു്?

ഡാക്ടർ എ. ആർ. പുതുവാൾ (*Director of Public Health and Panchayats*)— അവിടെ കുറെ ലഹളയുണ്ടാകുമെന്നു തോന്നിയതുകൊണ്ടു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ (*Adur*).— ലഹള ഒഴുക്കുന്നതിനു മിസ്റ്റർ കൃഷ്ണയ്യർ പ്രസിദ്ധി സമ്പാദിച്ച ഒരാളാണോ?

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats)*.— ലഹള എന്നു പറഞ്ഞതു തിരഞ്ഞെടുപ്പിനുള്ള മത്സരമാണ്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ *(Adur)*.— ലഹള ഒതുക്കുന്നതിനു പൊല്ലീസിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ?

ഡാക്ടർ എ. ആർ പുതുവാൾ *(Director of Public Health and Panchayats)*.— അവിടെ ഒന്നുരണ്ടു പൊല്ലീസുദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു.

മിർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മിസ്റ്റർ നമ്പ്യാരേക്കാൾ ജൂനിയറാണ് മിസ്റ്റർ കൃഷ്ണയ്യർ അല്ലേ?

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats)*.— അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഇൻസ്പെക്ടറായി മിസ്റ്റർ കൃഷ്ണയ്യരെ നിയമിക്കുന്ന സമയം മിസ്റ്റർ നമ്പ്യാർ ആപ്പീസിൽ ജോലിയിൽ ഉണ്ടായിരുന്നില്ലേ?

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats)*.— അവുധിയിലായിരുന്നു.

മിസ്റ്റർ കെ. എസ്സ് പണിക്കർ *(Ezhuvas North)*.— അതുകൊണ്ടാണോ അദ്ദേഹത്തെ നിയമിക്കാതിരുന്നതു?

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats.)*— അല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— പിന്നെ എന്തുകൊണ്ടാണു?

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats)*.— എലക്ഷൻ നടക്കുന്ന ഒരു കാലമായിരുന്നു അതു്. അദ്ദേഹത്തിനു എലക്ഷനേപ്പറ്റി കൂടുതൽ പരിചയമുള്ളതുകൊണ്ടാണു് അങ്ങിനെ നിശ്ചയിച്ചതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മിസ്റ്റർ കൃഷ്ണയ്യർ എലക്ഷൻ എക്സ്പർട്ടാണോ?

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats)*.— ആ അർത്ഥത്തിലല്ല.

I have learnt ophtalmology. But I am not an expert.

Mr. A. Narayana Menon *(Vyttila)*.—Was the election set aside by the Director of Public Health confirmed by the Diwan?

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Poduval *(Director of Public Health and Panchayats)*.—Yes.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— മിസ്റ്റർ കൃഷ്ണയ്യർ ഏതു ഗ്രേഡിലാണ് ഇപ്പോൾ ഇരിക്കുന്നത്?

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats)*.— ർ ാ -ന്ാ .ൽ.

Road—Kattur Panchayat—maintenance of.

ാൻ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(ക) കാട്ടൂർ പഞ്ചായത്തിൽ കാട്ടൂർ കടവിൽനിന്നു കാട്ടൂർ ആസ്പത്രി, ഹൈസ്കൂൾ, റജിസ്ട്രാപ്പീസ്സ് മുതലായ സ്ഥലങ്ങളിലേക്കു പോകുന്ന പഞ്ചായത്തുവഴി സംരക്ഷണക്കു കഴിഞ്ഞ ാഠ കൊല്ലം എത്ര സംഖ്യ ചിലവാക്കീട്ടുണ്ട്; അതു ഏതേതു കൊല്ലങ്ങളിൽ;

(ഖ) പ്രസ്തുത വഴി പഞ്ചായത്തിൽനിന്നും ആദ്യമായി വെട്ടിച്ചു കാലത്തു പഞ്ചായത്തുപ്രസിഡെണ്ടു ആരായിരുന്നു;

(ഗ) പ്രസ്തുത വഴി ഇതുവരെ സംരക്ഷണ നടത്താതെ ഗതാഗതയോഗ്യമല്ലാതാക്കിത്തീർക്കുവാൻ വല്ല പ്രത്യേക കാരണവും ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

(ഘ) കാട്ടൂർ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ പ്രസ്തുത പഞ്ചായത്തുവഴിയുടെ സംരക്ഷണക്കു പ്രസ്തുത പഞ്ചായത്തിലേക്കു വഴി സംരക്ഷണക്കു നീക്കിവെച്ചിട്ടുള്ള പണത്തിൽനിന്നും എടുത്തു് ഈ കൊല്ലംതന്നെ വേണ്ട സംരക്ഷണം നടത്തുന്നതിനു ഉടനെ വേണ്ടതു പ്രവൃത്തിക്കുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

ഡാക്ടർ എ. ആർ. പുതുവാൾ *(Director of Public Health and Panchayats)*.—

(ക) യാതൊരു സംഖ്യയും ചിലവാക്കീട്ടില്ല.

(ഖ) ഇതു പഞ്ചായത്തിൽനിന്നും വെട്ടിച്ചിട്ടുള്ളതല്ല.

(ഗ) ഇല്ല.

(ഘ) ഇക്കൊല്ലത്തിൽ യാതൊരു സംഖ്യയും പ്രത്യേകമായി ചിലവുചെയ്യുവാൻ വഴി കാണുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— കാട്ടൂർ പഞ്ചായത്തിന്റെ രൂപീകരണത്തിനുശേഷം അവിടത്തെ ആദ്യത്തെ പ്രസിഡണ്ടു ആരായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly